പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 2153 | 06/02/2019 ൽ മറുപടി നല്കേണ്ടത്. |
|---|---|

**വ്യാജവെളിച്ചെണ്ണയുടെ വില്പന നിയന്ത്രിക്കുന്നതിനും നിരോധിക്കുന്നതിനും നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**,, ഗീതാ ഗോപി**<br>**ശ്രീ.കെ. രാജൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വ്യാപകമായി വ്യാജ വെളിച്ചെണ്ണ വില്ക്കുന്നതായുള്ള വിവരം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ മനുഷ്യശരീരത്തിന് ഹാനികരമായ വ്യാജവെളിച്ചെണ്ണയുടെ വിൽപ്പന ഇത്രയും വ്യാപകമായതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് വ്യാപകമായി വ്യാജവെളിച്ചെണ്ണ വില്ക്കുന്നതായുള്ള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. വെളിച്ചെണ്ണയോടൊപ്പം വിലകുറഞ്ഞ മറ്റ് ഭക്ഷ്യ എണ്ണകൾ കലർത്തി വിൽപന നടത്തി അമിതലാഭം ഉണ്ടാക്കുക എന്ന ചില കച്ചവടക്കാരുടെ ഗൂഢ ലക്ഷ്യമാണ് ഇത് വ്യാപകമാകാൻ കാരണം. |
| ബി) | വ്യാജ വെളിച്ചെണ്ണയുടെ വില്പന നിയന്ത്രിക്കുന്നതിനും നിരോധിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ബി) | വ്യാജവെളിച്ചെണ്ണ പെരുകുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ പരിശോധനയിൽ മായം കലർത്തിയതായി കണ്ടെത്തിയ 166 വെളിച്ചെണ്ണ ബ്രാൻഡുകൾ 2018-ൽ ഭക്ഷ്യ സുരക്ഷാ കമ്മീഷണർ നിരോധിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | മായം കലർന്നതാണെന്ന് കണ്ടെത്തി നിരോധിച്ച വെളിച്ചെണ്ണ ബ്രാന്റുകൾ പുതിയ പേരുകളിൽ കടകളിൽ എത്തുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | മായം കലർന്നതാണെന്ന് കണ്ടെത്തി നിരോധിച്ച വെളിച്ചെണ്ണകൾ പുതിയ പേരുകളിൽ എത്തുന്നത് തടയുന്നതിലേയ്ക്കായി വെളിച്ചെണ്ണ ബ്രാൻഡുകൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. |
| ഡി) | വെളിച്ചെണ്ണ ഉല്പന്നങ്ങളുടെ കാര്യത്തിൽ കർക്കശമായ ഗുണമേന്മാ വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ? | ഡി) | ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006-ൽ വെളിച്ചെണ്ണ ഉല്പന്നങ്ങളുടെ ഗുണമേന്മാ വ്യവസ്ഥകൾ നിലവിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ